സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ടി ഷെഡ്ഡിന്റെ മുൻ കൈവശക്കാരൻ വൈദ്യുതി കുടിശ്ശിക വരുത്തിയതിനാൽ പ്രസ്തുത ഷെഡ്ഡിലെ വൈദ്യുതി വിച്ഛേദിക്കപ്പെട്ടിരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലാണ് പ്രസ്തുത ഷെഡ്ഡ് പ്രവർത്തന രഹിതമായിട്ടുള്ളത്.

(സി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ ഷെഡ് തിരികെ ഏറ്റെടുത്ത് വ്യവസായം നടത്താൻ താല്പര്യമുള്ളവർക്ക് കൈമാറ്റം ചെയ്യുന്ന കാര്യം വ്യവസായ-വാണിജ്യ ഡയറക്ടർ പരിഗണിക്കുന്നുണ്ട്.

കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

174 (5064) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അടഞ്ഞുകിടക്കുന്നതും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ബി) ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുണ്ടറ അലിൻഡ്, പുനലൂർ പേപ്പർ മിൽ എന്നിവ തുറക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ വിലയേറിയ ഭൂമി വിൽപ്പനയ്ക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എത്ര ഏക്കർ ഭൂമിയെന്നും ഇതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുമാണോ ഭൂമി വിൽപ്പന നടത്തുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) ഭൂമി വിൽപ്പനയിലൂടെ ഉദ്ദേശിക്കുന്ന കാര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ കൊല്ലം ജില്ലയിൽ പ്രവർത്തന രഹിതമായിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനം പുനലൂരുള്ള Travancore Ply`wood Industries Ltd. -ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ Travancore Ply`wood Industries Ltd.- ന്റെ ആസ്തികളും മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി KINFRA -യിലെ തന്നെ ഒരുദ്യോഗസ്ഥനെ ഇതിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആ മേഖലയുടെ വ്യാവസായിക വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള Quilon Co-operative Spinning Mills Ltd-ൽ 44.38 കോടി രൂപയുടെ NCDC-യുടെ സഹായത്തോടെയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. November 2009 മുതൽ ഈ സ്ഥാപനം പ്രവർത്തന ലാഭത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2006-07 സാമ്പത്തിക വർഷത്തിൽ 3.11 കോടി രൂപയായിരുന്നു മില്ലിന്റെ നഷ്ടം. ഇപ്പോൾ (2009-10) 98 ലക്ഷം രൂപയായി കുറഞ്ഞു. Textile മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മാസംതോറുമുള്ള അവലോകനം കൂടാതെ കമ്പനികളിൽനിന്നും ലഭിക്കുന്ന Weekly Report-ന്റെ അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള പ്രവർത്തനവും റിയാബ് മുഖേന monitor ചെയ്യുന്നു. അതുകൂടാതെ Textile Sector ലുള്ള സ്ഥാപനങ്ങളുടെ Quarterly monitoring - ഉം റിയാബ് മുഖേന പ്രത്യേകം നടത്തുന്നു. ഇങ്ങനെയുള്ള അവലോകനങ്ങളിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും കമ്പനിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

Alind ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനുള്ള ഓർഡിനൻസ് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിക്കുന്നതിലേക്ക് ഒരു പുതിയ സംരംഭകൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലാണ്.

(സി - ഇ) കമ്പനിയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി മില്ലിന്റെ പേരിലുള്ള 10 ഏക്കർ ഭൂമി നിലവിലുള്ള നിയമങ്ങളും നടപടി ക്രമങ്ങളുമനുസരിച്ച് സർക്കാരിനു (കേരള കൺസ്ട്രക്ഷൻ അക്കാഡമി) കൈമാറുവാൻ ഉദ്ദേശിക്കുന്നു.

മില്ലിന്റെ നിലവിലുള്ളതും മുൻകാല ബാധ്യതകളുമായ വൈദ്യുതി കുടിശ്ശിക, ജില്ലാ സഹകരണ ബാങ്കിലുള്ള കുടിശ്ശിക, മറ്റു ബാധ്യതകൾ എന്നിവ തീർക്കുന്നതിനും മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ഭൂമി കൈമാറുന്നതുവഴി ലഭിക്കുന്ന ധനം വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly